"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - സർവീസിലിരിക്കെ മരണപ്പെട്ട കായംകുളം കയർ പ്രോജക്ട് ഓഫീസിലെ പാർട്ട് ടൈം വാച്ച്മാൻ വിശ്വനാഥൻ.സി യുടെ മകൾ ശ്രീമതി അശ്വതി. എ യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ നിയമനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1039/2026/ID തീയതി,തിരുവനന്തപുരം, 08-09-2026

---

പരാമർശം:-

1. 24-5-1999 തീയതിയിലെ സ.ഉ. (അച്ചടി) നം. 12/99/P&ARD
2. 29/03/2025-ലെ സ.ഉ. (അച്ചടി) നം. 4/2025/ഉ.ഭ.പ.വ
3. 09/11/2025-ലെ സ.ഉ. (അച്ചടി) നം. 15/2025/ഉ.ഭ.പ.വ
4. ശ്രീമതി അശ്വതി. എ, രവി ഭവനം, ചേന്നാട്ട് കോളനി. ബ്ലോക്ക് നം. 23, പൊത്തപ്പള്ളി വടക്ക്, കുമാരപുരം പി.ഒ, ഹരിപ്പാട്, ആലപ്പുഴ - 690548 സമർപ്പിച്ച 08/01/2025 തീയതിയിലെ അപേക്ഷ
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 28/02/2025-ലെ DIC/3722/2019-EA1 നമ്പർ കത്ത്
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 25/02/2026-ലെ 3223/2025-എ7 നമ്പർ കത്ത്
7. പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന്റെ 11/08/2026-ലെ എസ്.ഡി.2/212/2026/ജി.എ.ഡി നമ്പർ നിയമന ശിപാർശ.

**ഉത്തരവ്**

കായംകുളം കയർ പ്രോജക്ട് ഓഫീസിൽ സേവനമനുഷ്ഠിച്ചു വരവെ 21/08/2024-ൽ മരണപ്പെട്ട വ്യവസായ വാണിജ്യ വകുപ്പിലെ പാർട്ട് ടൈം വാച്ച്മാൻ ശ്രീ.വിശ്വനാഥൻ.സി-യുടെ മകൾ ശ്രീമതി അശ്വതി.എ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. ശ്രീമതി അശ്വതി എ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് പരാമർശം (6) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ ആലപ്പുഴ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി അശ്വതി.എ-യ്ക്ക് ആശ്രിത നിയമനം നൽകുന്നതിൽ എതിർപ്പില്ലെന്ന പരേതനായ ജീവനക്കാരന്റെ മറ്റ് അനന്തരാവകാശികളുടെ സമ്മതപത്രങ്ങളും പരേതന്റെ മറ്റ് അനന്തരാവകാശികളെ സംരക്ഷിച്ചുകൊള്ളാമെന്നും അല്ലാത്ത പക്ഷം തന്റെ ശമ്പളത്തിൽ നിന്നും 25% തുക പിടിച്ച് അവകാശികൾക്ക് നൽകാവുന്നതാണെന്ന സമ്മതപത്രവും

അപേക്ഷകയായ ശ്രീമതി അശ്വതി.എ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ തന്റെ വിദ്യാഭ്യാസ യോഗ്യതകൾ പരിഗണിച്ച് തനിക്ക് എൽ.ഡി ക്ലാർക്ക് (വിവിധം), ലാബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II (ആരോഗ്യ വകുപ്പ്), ലാബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II (ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ), SB അസിസ്റ്റന്റ്, ലാബോറട്ടറി അസ്സിസ്റ്റന്റ് (ഉന്നത വിദ്യാഭ്യാസ വകുപ്പ്) എന്നീ തസ്തികകളിലേതിലെങ്കിലും നിയമനം ലഭ്യമാക്കണമെന്ന് അപേക്ഷിക്കുകയും പ്രസ്തുത തസ്തികകളിലെ നിയമനത്തിന് ആവശ്യമായ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി അശ്വതി. എ-യുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ടി അപേക്ഷയിൽ നിയമനം ആവശ്യപ്പെട്ടിരുന്ന തസ്തികകളിലേയ്ക്ക് ആവശ്യമായ യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്തി 23/03/2026-ന് ടി അപേക്ഷകയുടെ വിവിധ തസ്തികകളിലെ നിയമനത്തിന് അർഹത നിശ്ചയിച്ച് പരാമർശം (2) & (3) ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം പ്രൊഫോർമ എ, പ്രൊഫോർമ ബി എന്നിവ യഥാവിധി പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് കൈമാറിയിരുന്നു. പൊതുഭരണ വകുപ്പ് പരാമർശം (7) പ്രകാരം ശ്രീമതി അശ്വതി. എ-യ്ക്ക് ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ഒഴിവിൽ നിയമന ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ, ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കായംകുളം കയർ പ്രോജക്റ്റ് ഓഫീസിൽ സേവനമനുഷ്ഠിച്ച് വരവെ 21/08/2024-ൽ മരണപ്പെട്ട വ്യവസായ വാണിജ്യ വകുപ്പിലെ പാർട്ട് ടൈം വാച്ച്മാൻ ശ്രീ. വിശ്വനാഥൻ.സി-യുടെ മകൾ ശ്രീമതി അശ്വതി.എ-യ്ക്ക് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (7) പ്രകാരം നിയമന ശിപാർശ ലഭിച്ചിട്ടുള്ള ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനം അനുവദിച്ചുകൊണ്ടുള്ള ഈ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം തെറ്റായി വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ നിയമന ഉത്തരവ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.
2. ഈ നിയമന അനുമതി ഉത്തരവ് ലഭിച്ചതിന് ശേഷം ആരോഗ്യവകുപ്പ് ഡയറക്ടർ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ഒഴിവിൽ ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. അപേക്ഷക, ജോലിയിൽ പ്രവേശിക്കുന്നതിന് ഹാജരാകുന്ന വേളയിൽ അറ്റസ്റ്റ് ചെയ്ത തന്റെ ഏറ്റവും സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫിന്റെ കോപ്പികളും തന്റെ വയസ്സും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസലും ഹാജരാക്കേണ്ടതാണ്.
3. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേയ്ക്ക് ജില്ലാതലത്തിലാണ് നേരിട്ടുള്ള നിയമനം നടത്തുന്നതെന്നതിനാലും അപേക്ഷക നിയമനത്തിനായി തിരഞ്ഞെടുത്ത ജില്ല ആലപ്പുഴ/തിരുവനന്തപുരം എന്നായതിനാലും, തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവിൽ ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതും പരാമർശം (2) ഉത്തരവിലെ ഖണ്ഡിക XVIII (2) പ്രകാരം ഓപ്ഷൻ നൽകിയ ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിൽ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ, ഭാവിയിൽ ഓപ്ഷൻ ജില്ലയിൽ ആശ്രിത നിയമനത്തിനുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക്, സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷകയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

എന്നാൽ ഉദ്യോഗാർത്ഥി ഓപ്ഷൻ ജില്ലയായി ആലപ്പുഴ/തിരുവനന്തപുരം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഓപ്ഷൻ ജില്ലയായ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകേണ്ടതും ഉദ്യോഗാർത്ഥിയ്ക്ക് ഓപ്ഷൻ ജില്ലയായ ആലപ്പുഴ ജില്ലയിൽ ട്രാൻസ്ഫർ ആവശ്യമുള്ള പക്ഷം ആലപ്പുഴ ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് (ആലപ്പുഴ ഓപ്ഷനായി നൽകിയ മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്തപക്ഷം ഉടൻ തന്നെയും ഉണ്ടെങ്കിൽ സീനിയോറിറ്റി ക്രമമനുസരിച്ചും), സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് തന്നെ ടിയാളെ ആലപ്പുഴ ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിനാവശ്യമായ നടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

4. വ്യവസായ വാണിജ്യ ഡയറക്ടർ, മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിൽ പരേതന്റെ മകൾക്ക് ഈ ഉത്തരവ് പ്രകാരം ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.
5. അപേക്ഷക സമർപ്പിച്ചിട്ടുള്ള സംരക്ഷണ മൊഴി പ്രകാരം ശ്രീമതി അശ്വതി.എ, പരേതന്റെ ആശ്രിതരെ ജീവിതകാലം മുഴുവൻ സംരക്ഷിച്ച് കൊള്ളേണ്ടതും, സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം ആരോഗ്യവകുപ്പ് ഡയറക്ടർ ശ്രീമതി. അശ്വതി.എ-യുടെ ശമ്പളത്തിൽനിന്നും 25% തുക ഈടാക്കി ആയത് ആശ്രിതർക്ക് തുല്യമായി നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. അശ്വതി. എ, രവി ഭവനം, ചേന്നാട്ട് കോളനി. ബ്ലോക്ക് നം. 23, പൊത്തപ്പള്ളി വടക്ക്, കുമാരപുരം പി.ഒ, ഹരിപ്പാട്, ആലപ്പുഴ - 690548 (Reg. with AD)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
പൊതുഭരണ (CE) സെൽ വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Digitally signed by
Bindhumol. S
Date: 08-09-2026
12:05:41
സെക്ഷൻ ഓഫീസർ